LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഊർജ്ജാവശ്യകത പരിഗണിച്ച് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ മെച്ചപ്പെട്ട നിലവാരമുള്ള വൈദ്യുതി നൽകുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. ടാറ്റ മൈത്തോൺ കമ്പനിയിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

3. 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘ കാലാടിസ്ഥാനത്തിൽ 25 വർഷത്തേക്ക് വാങ്ങുന്നതിനുള്ള നടപടികൾ എടുക്കുകയും അതിനുള്ള കരാർ 2014 ഡിസംബർ മാസം അവസാനത്തോടുകൂടി ഒപ്പുവയ്ക്കുന്നതുമാണ്. ഇത്തരം ദീർഘകാല താപവൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ വഴി മൊത്തം വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ചെലവ് കുറച്ചുകൊണ്ട് വരാൻ കഴിയുമെന്ന് കരുതുന്നു.

4. മേൽപ്പറഞ്ഞവയെല്ലാം കൽക്കരി അധിഷ്ഠിതമായ ഒരു താപനിലയത്തിന്റെ ആവശ്യകതയാണ് കാണിക്കുന്നത്. ചീമേനിയിൽ ഒരു കൽക്കരി വൈദ്യുത നിലയം സ്ഥാപിക്കാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

5. വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം ഭാഗികമായി എൽ.എൻ.ജി. അടിസ്ഥാനമാക്കിയുള്ള നിലയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (40 MW)

7. ഇതുകൂടാതെ ഏതാണ്ട് 300 MW സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ നിലയങ്ങളിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ്**

21(*201) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം തരം സഹകരണ സംഘത്തിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) "കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012" നടപ്പാക്കുന്നതിനായി കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലും രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപക ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപസ് ഫണ്ട് രൂപീകരിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ സ്കീമിൽ ചേരുന്ന ആദ്യ വർഷം ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വിഹിതമായി കോർപസ് ഫണ്ടിലേക്ക് അയയ്ക്കേണ്ടതാണ്. തുടർന്നുള്ള വർഷം നിക്ഷേപ വർദ്ധനവിന് മേൽ പരാമർശിച്ച നിരക്കിൽ പ്രീമിയം അടയ്ക്കേണ്ടതുണ്ട്. കൂടാതെ സർക്കാരിനും ആവശ്യമാണെങ്കിൽ ടി ഫണ്ടിലേക്ക് സർക്കാർ വിഹിതം നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഇപ്രകാരം സ്വരൂപിക്കുന്ന കോർപസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലോ ഗവൺമെന്റ് ട്രഷറിയിലോ കൂടുതൽ പലിശ കിട്ടുന്ന പ്രത്യേക നിക്ഷേപമായി നിക്ഷേപിച്ച് ടി ഫണ്ട് നിക്ഷേപ ഗ്യാരന്റി നൽകുന്നതിനു മാത്രമായി വിനിയോഗിക്കുക എന്നത് ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു. കൂടാതെ ടി ഫണ്ട് സ്വരൂപിക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സബ്സിഡിയറി ചട്ടങ്ങൾ നിർമ്മിക്കുക, ടി സ്കീമിൽ അംഗങ്ങളെ ചേർക്കുക, അംഗങ്ങളിൽ നിന്നു റിട്ടേണുകൾ സ്വീകരിക്കുക, ഫണ്ട് പരിപാലനത്തിന്റെ ഭാഗമായി റിക്കാർഡുകളും രേഖകളും പരിശോധിക്കുക, ക്ലെയിം നൽകുക എന്നിവ ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ ഉൾപ്പെടെ ഏത് തരത്തിലുള്ള കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. ഏതെങ്കിലും കാരണത്താൽ സഹകരണ സംഘത്തിൽ നിന്നും നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. ഇപ്രകാരമുള്ള ഗ്യാരന്റി ലഭിക്കുന്നതിനായി നിക്ഷേപകൻ പ്രത്യേക വിഹിതങ്ങൾ ഒന്നും തന്നെ അടയ്ക്കേണ്ടതില്ല.

(ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, നിക്ഷേപം സ്വീകരിക്കുന്നതും രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ സഹകരണ സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങൾക്കാണ് നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമായിട്ടുള്ളത്.

**ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം**

22(*202) ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്ലീഡർമാരുടെ എണ്ണം കൂടുതലാണെന്നും ഇവരുടെ പ്രകടനം വിലയിരുത്തണമെന്നുമുള്ള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കേസുകളിൽ സർക്കാർ താല്പര്യത്തിനു വിരുദ്ധമായ സമീപനം ഗവൺമെന്റ് പ്ലീഡർമാർ സ്വീകരിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly